


# നീലാംബരം

## K.N.M.V.H.S.S.VATANAPPALLY
## 2018-19






തിരുമുറ്റത്ത് തെളിയുന്ന തണലിൽ തെന്നലിന്റെ തലോടലേറ്റ്
തളിർക്കുന്ന
തിരിച്ചറിവിന്റെ ചെറുനാമ്പുകൾ
വിരിയിക്കുകയാണ് **Little Kites** ലെ കൊച്ചു കൂട്ടുകാർ.
കമല നെഹ്റു
വിദ്യാലയം അനേകർക്കായ് ഒരുക്കിയ **e-**മാഗസിൻ

# നീലാംബരം

Knmvhss Vatanappally



## മാനേജർ

## കെ വി സദാനന്ദൻ

Knmvhss Vatanappally



ഹെഡ് മാസ്റ്റർ
സുനിൽ കെ ജെ

Knmvhss Vatanappally



# പ്രിൻസിപ്പാൾ(HSS)

# റോഷ്നി K V

Knmvhss Vatanappally



പ്രിൻസിപ്പാൾ(VHSS)

**ബാബു വി എ**

Knmvhss Vatanappally

**<u>PTA PRESIDENT</u>**
**SAJEESH CHALIPPAT**



**<u>MOTHER PTA PRESIDENT</u>**
**LINI LATHEESH**




**<u>OSA PRESIDENT</u>**
**SURATH KUMAR**



# സമർപ്പണം




**അകാലത്തിൽ വേർപിരിഞ്ഞു പോയ ഞങ്ങളുടെ പ്രിയ സഹപ്രവർത്തകനും സ്കൂൾ വിഭാഗം ക്ലർക്കുമായിരുന്ന പി എസ് സഞ്ജയ് ന്റെ ഓർമ്മക്ക് മുൻപിൽ ഈ ഉദ്യമം ഞങ്ങൾ സമർപ്പിക്കുന്നു**

Knmvhss Vatanappally

# സന്ദേശം

സംസ്ഥാനത്തെ സ്കൂളുകൾ high tech ലേക്ക് ഉയർന്ന് കഴിഞ്ഞു. സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുന്നതിനായി കുട്ടികളുടെ ഐടി കൂട്ടായ്മയായ **little kites** സംരംഭമായ ഈ മേഗസീൻ നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു.സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടേ എന്ന് ആശംസിച്ചു കൊണ്ട്,

*ഹെഡ് മാസ്റ്റർ*
*സുനിൽ കെ.ജെ.*

## 2018-19 അധ്യയന വർഷം വിരമിക്കുന്ന അധ്യാപകർ





സന്ധ്യ എസ് തോട്ടാരത്

മിനി ഭായ് എം എസ്സ്





വിജയകുമാരി ടി കെ

വസന്തകുമാരി എം ജി

Knmvhss Vatanappally

# KNMVHSS VATANAPPALLY
# LITTLE KITES 2018-19



Knmvhss Vatanappally

# പ്രാർത്ഥന



കതിരൊളി ചൊരിയും കനകപ്രഭയും
കതിനരവന്നയരുകയായ്.....

ഉണരൂകമലാനിലയെ അകമലരിൽ
തെളിയൂ വരദേ വരദേ.....(2)

കാറ്റായ് മഴയായ് മരമായ് കനിയായ്
വിശ്വവിതാനം തീർപ്പൂ,നീളെ(2)
കനവുകൾ നെയ്യ്തീ കളിയോടത്തിൽ
മറുകര കാണാതലയുന്നേരം
അമരത്തിരുന്നു നീ ദിശയേതെന്നരുളുക
അറിവില്ലാ പൈതങ്ങൾ ഞങ്ങൾ

ഉണരൂകമലാനിലയെ അകമലരിൽ
തെളിയൂ വരദേ വരദേ.....(2)




രചന :സന്ധ്യ എസ്.തോട്ടാരത്ത്.

**സംഗീതം : ബാബു വി.എ.**

# പ്രാർത്ഥന

ചന്ദ്രകലാധരാ നടനവിഭൂതിയാൽ
നിർമ്മലമാകുമീ സന്നിധിയിൽ
അറിവിൻ ഉയിർതേടി എത്തുന്ന ഞങ്ങൾ
സ്നേഹാക്ഷരങ്ങളാൾ ഉണർവ്വേകണേ
ചന്ദ്രകലാധരാ (2)
ശ്രുതിയും സ്മൃതിയും ബൈബിൾ ഖുറാനും
പലമതസാരം ജീവിതസത്യം (2)
ബഹുഗുരുവരുളാം ജീവിതമരന്ദം നുകരും
സന്തതിജാലം,ഞങ്ങൾ
പൊരുളിൻ സന്തതിജാലം
ചന്ദ്രകലാധര.....
വിശ്വവിമോഹന ധാർമിക ബോധമായ്
വിജ്ഞാനസൂര്യ,നീയുയരുമ്പോൾ
നിൻ പ്രഭാവത്തിൽ കിരണങ്ങളാലെ
വിടരും കമലദളങ്ങൾ
ഞങ്ങൾ വിടരും കമലദങ്ങൾ
ദളങ്ങൾ....
ചന്ദ്രകലാധര.....
ചന്ദ്രകലാധര.....





രചന :സന്ധ്യ എസ്.തോട്ടാരത്ത്.

**സംഗീതം : ബാബു വി.എ.**

Knmvhss Vatanappally

# സ്കൂൾ ഗാനം



കമലാനെഹറുവിന്നോർമ്മ പുലർത്തും
വിദ്യാനികേതനം
അറിവിൻ കേദാരം ഇവിടം അറിവിൻ കേദാരം
ചരിതം ഗണിതം സാഹിത്യം
കലകൾ ശാസ്ത്രം കായികം
വിദ്യകളേകിയുണർത്തുന്ന
അഭിവന്ദ്യ ഗുരുക്കന്മാർ
ഇവിടം അറിവിൻ കേദാരം
(കമലാനെഹറുവിൻ...)

ധർമ്മപഥങ്ങളിലൂടെ നടക്കാൻ
സത്യം ചിന്തയിലൂന്നാൻ
നീതി വളർത്തി സഹചരോടൊപ്പം
ദേശത്തിന്ന കരുത്തേകാൻ
വിജ്ഞാനത്തിരമാലകളാൽ
അകവും പുറവും ശോഭനമാക്കി
വിജയപതാകകളേന്തിടാൻ
ജീവിത വിജയ പതാകകളേന്തീടാൻ
(കമലാനെഹറുവിൻ...)



രചന :സന്ധ്യ എസ്.തോട്ടാരത്ത്.

**സംഗീതം : ബാബു വി.എ.**

Knmvhss Vatanappally

# കമലാ നെഹ്റു മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ,തൃത്തല്ലൂർ.ചരിത്രം



വാടാനപ്പിള്ളി പഞ്ചായത്തിൽ ഹൈസ്കൂൾ ഇല്ലാതിരുന്ന കാലം, വിദ്യാഭ്യാസത്തിനായി കിലോമീററോളം ഈ പഞ്ചായത്ത് നിവാസികൾ നടന്നിരുന്നു. പലരും തുടർ പഠനം നിർത്തിവെച്ചു. ഈ സാഹചര്യത്തിലാണ് ഒരു സാമൂഹിക പ്രവർത്തക കൂടിയായ ശ്രീമതി ശാരദാ ബാലകൃഷ്ണൻ അതിനായി നിരന്തര ശ്രമങ്ങൾ നടത്തിയത്. സ്തുത്യർഹമായ അവരുടെ ശ്രമഫലമായി 1955 മെയ് 25 ന് മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിസ്കൂളിന് ശിലാസ്ഥാപനം നടത്തി. ഒക്ടോബർ 30 ന് കേരളത്തിൻറ് പ്രഥമ ഗവർണർ ഡോക്ടർ രാമകൃഷ്ണറാവു ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു . ഇപ്പോൾ തൃത്തല്ലൂരിലെ കോ-ഓപ്പറേറ്റിവ് സൊസൈറ്റിസ്ഥിതി ചെയ്യുന്ന കെട്ടിടത്തിലാണ് 1955 ൽ സ്കൂൾ ആരംഭിച്ചത്. സൊസൈറ്റിയുടേയും അതിനോടു ചേർന്ന താത്കാലിക ഷെഡിലും പിന്നീട് തെക്കു ഭാഗത്ത് ഓലയും മുളയും ഉപയോഗിച്ച് നിർമിച്ച താത്കാലിക ഷെഡിലുമായിരുന്നു സ്കൂളിൻറ് ആദ്യകാല പ്രവർത്തനം. 5 മുതലുള്ള ക്ലാസ്സുകളാണ് ആരംഭിച്ചത്. മത്തായി C .I . ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ ആയിരുന്നു ഇത്. ശ്രീമതി ശാരദാ ബാലകൃഷ്ണനായിരുന്നു മാനേജർ. എങ്കിലും സർവ്വാദരണീയനായ കളപ്പുരയിൽ ബാലകൃഷ്ണൻ നായരുടെ അശ്രാന്ത പരിശ്രമത്തിൻറ് ഫലമായാണ് സ്കൂൾ സ്ഥാപിതമായെന്ന് പറയാം. 1958 ൽ കേന്ദ്രഗവൺമെൻറിൻറ് സഹായത്തോടെ ഒരു സെമി ഗവൺമെൻറ് കെട്ടിടം

നിലവിൽ വന്നു.5 മുതൽ 10 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിച്ചു തുടങ്ങി. 1963 ൽ അതിനു വടക്കുഭാഗത്തായി ഒരു പെർമനെൻറ് കെട്ടിടം കേന്ദ്രഗവൺമെൻറിൻറ് സഹായത്തോടെ നിലവിൽ വന്നു.

ലൈബ്രറി,ലബോറട്ടറി ,ചില ക്ളാസ് മുറികൾ എന്നിവ ഇവയിൽ ആരംഭിച്ചു.ശ്രീ.പി.എസ് ഗോപാലൻ അവർകളാകട്ടെ ഒരു സ്റ്റേജും നിർമ്മിച്ചു.മഞ്ഞിപ്പറമ്പിൽ ശങ്കരൻ കുട്ടിമാസ്റ്റർ,പനക്കപറമ്പിൽ അയ്യപ്പൻ,കളപ്പുരയിൽ ഉണ്ണിനായർ,വാഴത്തോട്ടത്തിൽ ഡോ.രാഘവമേനോൻ,പള്ളിയാനെ കുട്ടികൃഷ്ണൻ കൈമൾ,എളയേടത്ത് കുഞ്ഞികുട്ടപ്പണിക്കർ,ചാളിപ്പാട്ട് കുട്ടൻ,പള്ളിയാനെഭാർഗ്ഗവി നേത്യാർ,മേലേടത്ത് കുമാരൻ മാസ്റ്റർ ഇങ്ങനെ പല വ്യക്തികളുടേയും സേവനം സ്കൂളിൻറ് പുരോഗതിയ്ക്ക് വഴി തെളിച്ചു.

1985 ൽ ശ്രീ കെ വി സദാനന്ദൻ സ്കൂളിൻറ് മാനേജ്മെൻറ് ഏറ്റെടുക്കുകയുണ്ടായി സ്കൂളിൻറ് അഭ്യുദയത്തെ തൻറ് ജീവിതമായേറ്റെടുത്ത ശ്രീ ധർമ്മപാലൻ മാസ്റ്ററാണ് ശ്രീ കെ വി സദാനന്ദൻ അവർകൾക്ക് ഇക്കാര്യത്തിൽ പ്രേരണയും പ്രചോദനവും നൽകിയത്. ശ്രീ കാർത്തികേയൻ മാസ്റ്ററായിരുന്നു അന്ന് ഹെഡ് മാസ്റ്റർ.1987 - ൽ ശ്രീ എ കെ ജനാർദ്ദനൻ മാസ്റ്റർ ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തു.1993 ഡിസംബർ 17 ന് സ്കൂളിൻറ് ഒരു കെട്ടിടം ഭാഗികമായി കത്തിനശിക്കുകയുണ്ടായി.അതിനു ശേഷമാണ് ഇപ്പോഴത്തെ കെട്ടിടം പണി തീർത്ത് പ്രവർത്തനം അതിലേയ്ക്ക് മാറ്റിയത്. 1994 മാർച്ച് 27 ന് ശ്രീമതി ശാരദാ ബാലകൃഷ്ണൻ പുതിയ കെട്ടിടത്തിൻറ് ശിലാസ്ഥാപനം നടത്തി.1995 മെയ് 31 ന് ശ്രീമതി താരാ സദാനന്ദൻ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. പുതിയ കെട്ടിടനിർമ്മാണത്തിൽ ശ്രീ ധർമ്മപാലൻ മാസ്റ്റർ മാനേജരോടൊപ്പം പ്രവർത്തനനിരതനായിരുന്നു. അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും എല്ലാ പഠന സൗകര്യങ്ങൾക്കും പര്യാപ്തമാണ് ഇന്നത്തെ കെട്ടിടം.അതേ വർഷം തന്നെ സ്കൂളിൽ വി എച്ച് എസ് ഇ കോഴ്സുകൾ ആരംഭിച്ചു.A&A,MLT,T&T കോഴ്സ് കൾക്ക് അംഗീകാരം ലഭിച്ചു. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ എ കെ ജനാർദ്ദനൻ മാസ്റ്റർ പ്രിൻസിപ്പാളായി.പിന്നീട് ശ്രീമതി ഇ പി സെലിൻ,ശ്രീമതി പി എസ് ചന്ദ്രിക,ശ്രീമതി ഡോളി കുര്യൻ,ശ്രീമതി കെ വി രോഷ്നി എന്നിവർ പ്രിൻസിപ്പാൾ പദവിയിലിരുന്നു. കമ്പ്യൂട്ടർ പഠനരംഗത്തും ഉയർന്ന പഠന സൗകര്യങ്ങളാണ് സ്കൂളിനുള്ളത്.10 കമ്പ്യൂട്ടറുകളുള്ള 3 കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ എല്ലാ ക്ലാസ് റൂമുകളും ഹൈ ടെക് ആയി സമ്പൂർണ ഹൈ ടെക് വിദ്യാലയമായി മാറിയിരിക്കുന്നു 2002 ൽ അൺ എയ്ഡഡ് പ്ലസ് 2 കോഴ്സ്ആരംഭിക്കുകയുണ്ടായി . ഇപ്പോൾ 70 ഓളം സ്റ്റാഫും ആയിരത്തോളം വിദ്യാർത്ഥികളും ഇവിടുണ്ട്.

<u>**SSLC 2018 FULL A+ STUDENTS**</u>



AMRUTHASREE P.



CHITHRALEKHA.M.P



LINSHANA



JISMIBRAHIM



HRIDHYA K A



MANJIMA



GOPIKANANDANA



RAVATHI




RINTA.M.R



SMRITHY.K.S

Knmvhss Vatanappally

# BY THE LIGHT OF AN OIL LAMP




One cold winter day, his friends decided to play a trick on Hodja to win a free meal. They told Hodja,

“If you can spend the whole night in the town square without a fire to war you up, we will invite you to dinner but if you can't, then you will invite us. Is it a bet?” Hodja agreed. He went to the square and found himself a place to spend the night. He was about to freeze but managed to spend the whole night there. His friends were surprised to find him in the square the next morning.

“How did you do it?” They asked.

It was pitch dark so I sat here in the light of a lamp miles away.” He replied. “oh, you cheated ! You must have kept yourself warm in that light. So, you have to cook us a nice dinner.” They told Hodja. A few days later, they all went to Hodja's house. Hodja had a big cauldron hanging from a branch of a tall tree and blew the cauldron he had lit a candle on the ground. His friends started getting impatient and asked, “When is the dinner going to be ready?”

“As soon as the heart from the candle boils the water in the cauldron, I will start cooking your dinner,” Hodja replied.

“That is impossible !” They exclaimed. “But, why?” Hodja replied,” Just as the light of that weak oil lamp miles away kept me warm, The heat from his candle below the cauldron will boil them warm.

AYSHA NOURIN P. M.
IX-C

# FRIEND SHIP

friend is a priceless gift,
it cannot be bought or sold
it's value is far greater than a
mountain made of gold
friends fill our life with
happiness,joy and grace
my friend ship reminds me like a
butterfly loved and free,
bright and colourful
don't ask the god for
diamonds and pearls
ask for the real love of true friends

RISHNA T.S.
IX-C

Knmvhss Vatanappally

# HEART BEAT



Heart beat starts my life
and it ends my life
When I am scared or silent
the sound of the heart beat is
close to my ears
When I am happy or excited
The sound of the heart beat is
close to my eyes
Heart beat starts my life
and it ends my life
It is just like sunrise or sunset or
It is just like a day or night
Between these my heart is still beating
Just like a drum
It is beating and beating
Just like a musical instrument
When I am sleeping or playing
It is beating as my eyes are blinking
Once when it stops me
I will go near the god
Heart beat start my life
and it ends my life

*RASHED*
IX.B

# A RAINY EVENING

Once in a rainy evening
Without studying my lessons
Gazing through the window
Enjoying the rain, sat on my bed
it was Raining gently
cool breeze blew near me
which patter my hair gently
the flowers in my garden
bowed in shyness, when the breeze came near
the street lights made the dew drops
in the foliages twinkle
feeling drowsy i lay on my bed
The hands of the breeze made
my eyes blink so fast
suddenly some light made my eyes open
with great desolation i saw that
it was morning the rain was over

FAIL MOHAMMED A.M.
IX-C

# Three Friends




Once upon a time there were three friends. They were close friends. Ammu, Ajith, a kevin. One day Ajith was going to the school way
the boy get a accident on the way. A man get him and sent the boy
in to the hospital. Then Ammu and kevin went to the hospital and
Ajith was very critical stage. Then Ajith can't go to the school. So Ammu and kevin help Ajith to study. They complete Ajith's note and they help the boy in all stages. In the study. And in than the days go Ajith has pick up in that stage. The few years later. Alow Ajith was a doctor in a government hospitel. Ajith tell tanks to the friends to help the
boy in this past.

moral:friend ship is a treasure

Vaishnavi Vijesh
*VI-A*

Knmvhss Vatanappally

# ***The Lamp Learns***
# ***A Lesson In Humility***

*Once a lady bought a new lamp from the market. When she reached home, it was dark. So, she filled the lamp with oil and put a wick into it and lighted it. The lamp felt proved of itself and its clear light. It started boasting that its light was brighter than that of even the sun. Suddenly, a strong puff of wind came and blew it out. The lamp felt very small and realized its folly it never knew that it could not face the wind at all. The lady lighted the lamp once again. Now the lamp kept shining calmly making no boast. The lady said to the lamp "**Keep shining gently.** Don't compare your self to the sun. He never goes out nor does he need to be re-lighted like you."*

***ASNA A.S.***

***IX-B***

# JRC STUDENTS

( Students wing of Indian Red Cross Society )
JUNIOR RED CROSS
THRISSUR REVENUE DISTRICT



Knmvhss Vatanappally

# SCOUT AND GUIDE UNITS









Knmvhss Vatanappally

# അറബിക് കലോത്സവം-2018-19

# 1st A grade വിജയികൾ



Knmvhss Vatanappally

| അറബിക് കലോത്സവം-2018-19<br>1st A grade വിജയികൾ | | | |
|---|---|---|---|
| Ad.no | Name | Class | Items |
| 12654 | SONA P.N. | X-A | ഉപന്യാസം |
| 12056 | SAFARIYA C.P. | X-A | കഥാരചന |
| 12319 | RAHNA P.A. | X-B | പദ്യം ചൊല്ലൽ |
| 11718 | ANEESA A.J. | IX-A | കഥാപ്രസംഗം |
| 12985 | ABDUL BAEES | VIII-A | ഖുർ ആൻ പാരായണം |
| 12793 | ASHIQ MUSTHAFA | IX-A | ക്വിസ് |
| 12621 | AYSHABI P.S. | IX-D | മുശാ അറ |
| 12381 | ANEESHA K.H. | X-F | സംഭാഷണം |
| 12316 | RUKSANA P.B. | X-F | സംഭാഷണം |
| 12985 | ABDUL BAEES | VIII-A | ഗാനം |
| 12266 | JANNATH SHIRIN | X-B | സംഘഗാനം |
| 12735 | AFNA P.H. | X-A | സംഘഗാനം |
| 12366 | FARHANA M.S. | X-G | സംഘഗാനം |
| 13095 | ALFIYA NIZAR | VIII-E | സംഘഗാനം |
| 12260 | BADRIYA MOL | X-B | സംഘഗാനം |
| 11790 | ABDUL ASLAMSHA | X-A | നാടകം |
| 12251 | SHINAS. R.S. | X-A | നാടകം |
| 12227 | MUHAMMED IZHAK P.A. | X-A | നാടകം |
| 12137 | MUHAMMED FAYAS K.F. | X-B | നാടകം |
| 12256 | MURTHAZ R.M. | X-B | നാടകം |
| 12348 | MUHAMMED AMEEN C.S. | X-C | നാടകം |
| 12489 | ASHFAQ ALI | X-C | നാടകം |
| 12274 | MUHAMMED SHUHAIB | X-C | നാടകം |
| 12207 | SAHAD K.A. | X-C | നാടകം |
| 11523 | FAHAD V.J. | X-G | നാടകം |

Knmvhss Vatanappally

# കലോത്സവം-2018-19

## ഉപജില്ലാ കലോത്സവ വിജയികൾ

| കലോത്സവം-2018-19<br>ഉപജില്ലാ കലോത്സവ വിജയികൾ | | | |
|---|---|---|---|
| Ad.no | Name | Class | Items |
| 12928 | DEVIKARAJ K.R. | VIII-A | നാടോടി നൃത്തം, കുച്ചിപ്പുടി, ഭരതനാട്യം |
| 11828 | AMRUTHALAKSHMI M.U. | X-A | സംസ്കൃത പ്രശ്നോത്തരി |
| 12952 | SANOOP SURESH | VIII-B | ജലഛായം |
| 12309 | ANAGHA K.B. | X-F | ലളിതഗാനം |



KHMVHSS Vatanappally

| WORK EXPERIENCE | | | |
|---|---|---|---|
| Ad.no | Name | Class | Items |
| 13143 | JAMSHITH JAMAL | IX-D | UMBRELLA MAKING |
| 12360 | NAVAS | X-A | THREAD PATTERN |







Knmvhss Vatanappally

| SOCIAL SCIENCE MELA | | | |
|---|---|---|---|
| Ad.no | Name | Class | Items |
| 12755 | HAFIZ RASOOL | IX-D | SOCIAL SCIENCE QUIZ |
| 11828 | AMRUTHALAKSHMI M.U. | X-A | SOCIAL SCIENCE QUIZ |
| 12261 | JISHMA C.R. | X-A | ATLAS MAKING |









# SCHOOL YOUTH FESTIVAL




















Knmvhss Vatanappally

# SCHOOL SPORTS


















Knmvhss Vatanappally


















KNMVHSS Vatanappally

# അപ്പൂപ്പൻ താടി



കൈയെത്തും ദൂരത്ത് പാറിനടക്കുന്ന
 അപ്പൂപ്പൻ താടികളെ....
കാറ്റിന്റെ താളത്തിൽ മേഞ്ഞു നടക്കുന്ന
 അപ്പൂപ്പൻ താടികളെ....
വെള്ളയുടുപ്പിട്ട് ചങ്ങാത്തം കൂടാനായ്
വന്നൊരു മാലാഖമാർ....
പാറി പാറി നീയെങ്ങോട്ടോടുന്നു
സ്വർഗ്ഗത്തിൻ താഴ്വരയിൽ
നിറവയലിൻ ഓരത്ത് ഓടി മറയുന്ന
കള്ള കുറുമ്പുക്കാരി....
നീ വെൺമതൻ പൊൻകനിയായ്
 അപ്പൂപ്പൻ താടിയെന്നാരോവിളിക്കു-
മ്പോൾ എന്തിനീ കള്ള നാണം
ഒരുപാട് ഗ്രാമങ്ങൾ പാറി നടക്കുമ്പോൾ
എന്നെ മറന്ന് പോവോ?....
നീ എന്നെ പിരിഞ്ഞ് പോവോ?....

[കൈയെത്തും]

SPANDHANA
VIII-E

Knmvhss Vatanappally

# എൻ അച്ഛനും അമ്മയും



ആൽമര ചില്ലയിൽ ഊഞ്ഞാലു കെട്ടി-
യിട്ടാട്ടിത്തരുമെൻ അച്ഛനും അമ്മയും
നിത്യവും എൻ മുഖ പുഞ്ചിരി-
കാണുവാൻ കൗതുകത്തോടെ നോക്കി
നിൽക്കും.
ചോറുവാരി തന്ന് തോളിലേറ്റി-
താരാട്ടു പാട്ടു പാടുമെൻ അമ്മ.
മിഠായി കുപ്പികൾ വാങ്ങി തന്നെന്നെ-
നിത്യവും സന്തോഷിപ്പിക്കുമെന്നച്ഛൻ.
പള്ളിക്കൂടത്തിൽ നിത്യവും പോവുമ്പോൾ
ഉമ്മ തരുമെൻ അച്ഛനും അമ്മയും.
പിറന്നാൾ ദിനത്തിനടുപ്പു-
വാങ്ങി തന്ന് എന്നെ സന്തോഷിപ്പിക്കുമെന്നച്ഛൻ.
നല്ല രുചിയുള്ള സദ്യയൊരുക്കുമെന്നമ്മ
മാറിൽ കിടത്തിയുറക്കി തന്ന എൻ
അച്ഛനും അമ്മയും.
ദൈവതുല്യം.

അഹല്യ വി.എസ്.
VI-A

# എന്റെ വീട്



എന്തു നല്ല വീട്,
ഞാൻ വരച്ച വീട്,
എന്റെ സ്വന്തം വീട്,
വൃത്തിയുള്ള വീട്,
അച്ഛനുള്ള വീട്,
അമ്മയുള്ള വീട്,
ചേച്ചിയുള്ള വീട്,
ചേട്ടനുള്ള വീട്,
സ്വർഗ്ഗമാണ് വീട്,
സ്നേഹമുള്ള വീട്,
വായുവുള്ള വീട്,
സത്യമാണ് വീട്,
എന്തു നല്ല വീട് (എന്തു നല്ല വീട് )

MOHAMED IMRAN IBRAHIM
V-A

Knmvhss Vatanappally

# പരാജയപ്പെട്ട പൂവൻ കോഴി



ഒരിക്കൽ രണ്ട് പൂവൻ കോഴികളൾ തമ്മിൽ തർക്കമുണ്ടായി. താനാണ് ശക്തൻ എന്ന് ഓരോരുത്തരും അവകാശപ്പെട്ടു. തർക്കം മൂത്ത് അവർ യുദ്ധം തുടങ്ങി. യുദ്ധത്തിൽ ഗുരുതരമായ പരിക്കേറ്റ് ഒരു കോഴി വൈക്കോൽക്കുമ്പാരത്തിന്റെ മുകളിൽ നിന്ന് താഴെ വീണു. വിജയിയായ കോഴി വൈക്കോൽ കൂനയുടെ മുകളിൽ നിന്ന് സന്തോഷസൂചകമായി കൂവുകയും; നൃത്തം ചെയ്യുകയും ചെയ്തു. ആ സമയത്ത് അതുവഴി പറന്നുവന്ന ഒരു കഴുകൻ ഈ കോഴിയെ റാഞ്ചിയെടുത്ത് കൊണ്ടുപോയി. പരാജയപ്പെട്ട കോഴി തന്റെ ഭാഗ്യമോർത്ത് സന്തോഷിച്ചു.

**ഗുണപാഠം :**

അഹങ്കാരം ആപത്തിലേക്കു നയിക്കുന്നു.

SHIFANA P.S.
VI-B

Knmvhss Vatanappally

# മിഠായി ഭരണി



ഒരു ദിവസം സാധനങ്ങൾ വാങ്ങാൻ ഞാൻ കടയിൽ പോയപ്പോൾ ഒരു സംഭവം കണ്ടു. അത് എനിക്ക് വളരെ വിഷമമുണ്ടാക്കി. ഒരു കുട്ടി കടയുടെ മുമ്പിൽ മിഠായി ഭരണിയുടെ നേരെ നോക്കികൊണ്ടിരിക്കുകയായിരുന്നു.

അവൻ വളരെ പാവപ്പെട്ട കുട്ടിയായിരുന്നു. അവൻ കടയുടെ മുതലാളി പോകുന്നതും നോക്കികൊണ്ടിരിക്കുകയായിരുന്നു. കടയുടെ മുതലാളി ഒരു ദേഷ്യക്കാരനായിരുന്നു. അവൻ ആഗ്രഹിച്ചതുപോലെ കടമുതലാളി അവിടം വിട്ടു പോയി. അവൻ അകത്തുകയറി മിഠായി എടുക്കാൻ പോകുംന്നേരം മുതലാളി അതുകണ്ട് അവിടേക്ക് ഓടിവന്നു. എന്നിട്ട് അവനെ അടിച്ചു പുറത്താക്കി. അവൻ പുറത്തു നിന്ന് കരയുകയായിരുന്നു. അവന്റെ അടുത്തേക്ക് ഞാൻ ചെന്നിട്ട് അവനു കുറച്ചു മിഠായി വാങ്ങികൊടുത്തു. അവൻ എന്നോട് നന്ദി പറഞ്ഞ് അവിടെ നിന്ന് ഓടിപോയി.

ANNATH A.S.
VI-A

Knmvhss Vatanappally

# വാഴത്തുമ്പിൽ

വാഴത്തുമ്പിലിരിക്കുന്ന
അത് ആരാണ്....
അത് ആരാണ്....
ഈണ ശബ്ദം
കേൾക്കുന്ന
അത് ആരുടേത്....
ആരുടേത്....
കുഞ്ഞുക്കുരുവി അത്
കുഞ്ഞുക്കുരുവി....

സുമയ്യ P.S.
VI-C

Knmvhss Vatanappally

# <u>സിംഹവും കഴുതയും</u>



ഒരു ദിവസം സിംഹം കാട്ടിലൂടെ നടക്കുകയായിരുന്നു. ആ സമയം അവിടെ അവൻ ഒരു കഴുതയെ കണ്ടു. അപ്പോൾ ആ കഴുത 'സിംഹം എന്നെ തിന്നുമോ' എന്ന് പേടിച്ചു. പക്ഷെ സിംഹം കഴുതയെ ഒന്നും ചെയ്തില്ല. കഴുതക്ക് ആശ്വാസമായി. അങ്ങനെ സിംഹം കുറേ നേരം നടന്നപ്പോൾ ഒരു പുഴ കണ്ടു. അവിടെ നിന്ന് വെള്ളം കുടിച്ച് നടന്നു. സിംഹത്തിന് കുറച്ച് കഴിഞ്ഞപ്പോൾ വിശന്നു. പിന്നെ ഓർത്തു 'ഞാൻ നേരത്തെ കണ്ട കഴുതയെ അകത്താക്കാം' എന്ന്. പക്ഷെ അവിടെ ചെന്ന് നോക്കിയപ്പോൾ കഴുതയെ കണ്ടില്ല.

സുമയ്യ P.S.

VI-C

# ബാല്യം

കളങ്കമില്ലാതെ ചിരിക്കാൻ കഴിഞ്ഞതും
ചെറുവേദനകളിലും കരയാൻ കഴിഞ്ഞതും
നിസ്സാര കാര്യത്തിന് പിണങ്ങാൻ
കഴിഞ്ഞതും
വളരെപ്പെട്ടന്ന് ഇണങ്ങാൻ
കഴിഞ്ഞതും
കുസൃതിയാൽ ചിരി പടർത്താൻ
കഴിഞ്ഞതും



നിഷ്കളങ്കമായ എൻ ബാല്യത്തിലായിരുന്നു.
മാധുര്യത്തിന്റെ വസന്തക്കാലം
സുന്ദരമാമെന്റെ ബാല്യകാലം

കടപ്പാട്-രാജേഷ് അറയങ്കര

ഹർഷ K.A.

Knmvhss Vatanappally

# തോക്കിനു മുന്നിൽ



ക്രുഷ്ചേവിന്റെ ഭരണകാലം.ഒരു മഹാസമ്മേളനം അഭിസംഭോദന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.റഷ്യയെ തകർത്തു. സ്റ്റാലിന്റെ ഭരണമായിരുന്നു എന്ന് അദ്ദേഹം ആരോപിച്ചു.

പ്രതിനിധികളിലാരോ ഒരാൾ ചോദിച്ചു :”അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ എന്തുകൊണ്ടാണ് അങ്ങിതൊക്കെ പറയാത്തത് ?”.

ക്ഷുഭിതനായ ക്രുഷ്ചേവ് തോക്ക് വലിച്ചെടുത്തു. "ആരാണ് അത് പറഞ്ഞത്?ധൈര്യമുള്ളവൻ എഴുന്നേറ്റ് നിൽക്ക്”. അദ്ദേഹം ആക്രോശിച്ചു.

ആരും അനങ്ങിയില്ല.തോക്കു അരയിൽ തിരുകിക്കൊണ്ട് ക്രുഷ്ചേവ് ശാന്തനായി പറഞ്ഞു.

"ഇതു കൊണ്ടായിരുന്നു ഞാനും അന്ന് ഒന്നും പറയാഞ്ഞത്"


ഹർഷിത്ത് രാജ് C.R.

IX-D

Knmvhss Vatanappally

# ഞാനൊരു പെണ്ണത്രേ




അമ്മതൻ അമ്മിഞ്ഞപ്പാൽ
നുകരുവാൻ കരഞ്ഞീടുന്ന
എന്നെ നോക്കി മുത്തശ്ശി
ചൊല്ലുന്നു....!!!മിണ്ടാതിരിപ്പെണ്ണേ...!!!!
ബാല്യകാലത്തിനാനന്ദം
പങ്കിടേ...നീയൊരു...
പ്പെണ്ണെന്ന് അമ്മയും.!!!
കളിച്ചുരസിച്ചോടി നടക്കേ
ഉറക്കേ ചിരിക്കാതെടീ...
മുത്തശ്ശൻ ജല്പനം.!!!
അക്ഷരമധുരം നുണഞ്ഞീടെ
ടീച്ചറും ചൊല്ലുന്നു...ആൺ-
കുട്ടി പെൺകുട്ടിയന്തരം!!!
അമ്മതൻ മാറിൻ ചൂട്-
പറ്റി കിടക്കുമ്പോഴും
മാറ്റികിടത്താപെണ്ണിനെ...
അച്ഛനും മോഹുന്നു...!!!
അനിയന്മാരാം ഉണ്ണികൾ
പിറന്നപ്പോഴും അകന്നു
പോയി പെണ്ണിന്റെനാമം.
വളർച്ചയുടെ പടവുകൾ
താണ്ടുമ്പോഴും അരുതരു-
തെന്ന തീണ്ടായ്മയും.!!!
അപ്പണിയീപ്പണിതീർത്ത്

Knmvhss Vatanappally

പഠിക്കുന്നേരംമതിയാക്കടീ
പഠിച്ചിട്ട് കാര്യമെന്ത്.???
പതിനേഴിൻ മാധുര്യം
പടികടന്നെത്തി ഉള്ളിലെല്ലാ-
ർക്കും ഞാനൊരുതീയ്യായ്!
ആണുങ്ങൾ വിലപേശീ
കൊണ്ടുപ്പോയെന്നെ..!!!
ഭാര്യയെന്നൊരു പേരിനായി
കെട്ടിയോന്റെ ലീലാ-
വിലാസങ്ങൾ മടുത്തെ-
ന്നില്ലേഭാര്യപോലും.!!!
പുറത്തിറങ്ങാൻപാടില്ലത്രേ
പെണ്ണിനുപുറം ലോകം
അന്യമത്രേ?എന്നതിരികെ
വരുമെന്റെ ജൻമപുണ്യ-
മായ്, ദേവിയായ്, ലക്ഷി-
യായ്??ശാപമോക്ഷത്തി-
നായ്കാത്തുനിൽക്കുന്നു
ഞാനൊരഹല്യപോൽ.!!!

ഗീത ടീച്ചർ

Knmvhss Vatanappally

# മഴയെ വെറുക്കുന്ന പെൺ കുട്ടി

ഒരു നിമിഷം കൊണ്ട് ആകാശത്താകെ ഇരുട്ട് നിറഞ്ഞു. കാർമേഘങ്ങൾ വിങ്ങിപ്പൊട്ടുമാറ് ആകാശത്ത് നിറഞ്ഞു. നല്ല തണുത്ത കാറ്റ് ശക്തിയോടെ വീശിത്തുടങ്ങി. മഴയെ ആസ്വദിക്കാനായി ഞാനും എന്റെ കൂട്ടുകാരും അക്ഷമരായി ആകാശത്തേക്ക് നോക്കി നിന്നു. അപ്പോൾ അവളുടെ ,ആ പെൺകുട്ടിയുടെ മുഖത്ത് മാത്രം എന്തെന്നില്ലാത്ത ഒരു ഭയം നിറഞ്ഞു. അവൾ തിരിഞ്ഞോടി. ഓട്ടത്തിനിടയിൽ അവൾ അലറുകയും കരയുക ചെയ്തു. അവൾ വീട്ടിലേക്കോടിക്കയറി മുറിയുടെ വാതിൽ തുറന്ന് അകത്ത് നിന്ന് കുറ്റിയിട്ടു. മഴ ആസ്വദിക്കുകയായിരുന്ന ഞാനും കൂട്ടുകാരും അവളുടെ അലർച്ച കേട്ടതാണ്. അപ്പോൾ എന്റെ ഒരു കൂട്ടുകാരൻ എന്നോട് പതുക്കെ സ്വരം താഴ്ത്തി പറഞ്ഞു. എടാ അവൾക്ക് മെന്റലാന്നാ തോന്നുന്നേ. നീ അവളുടെ അയൽവാസിയായത് കൊണ്ടാണ് ഞാനിത് പറയുന്നത്. നീയിനി അവളുടെ വീട്ടിലേക്ക് പോവണ്ട.

അവളോട് സംസാരിക്കണ്ട. എന്നാലും അയൽവാസിയായ ഒരു പെൺക്കുട്ടി മഴയെ കണ്ട് കരയുകയും അലറുകയും ചെയ്യണമെങ്കിൽ എന്തെങ്കിലും ഒരു കാരണം ഇല്ലാതിരിക്കില്ല. ഞാൻ പിന്നെ കൂട്ടുകാരുമൊത്ത് കളിക്കാൻ മൈതാനത്ത് നിന്നില്ല. അവളുടെ വീട് ലക്ഷ്യമാക്കി നടന്നു. അവളുടെ വീടിന്റെ മുറ്റത്ത് നിന്ന് ഞാൻ

അകത്തേക്ക് നോക്കി. അവളെ അവളുടെ ചെറിയമ്മ മുറിയുടെ വാതിലിൽ തട്ടി വിളിക്കുകയാണ്. മുറിയിൽ നിന്ന് അവളുടെ അലർച്ചയും കരച്ചിലും കേൾക്കാം. അവൾ തുറക്കില്ല എന്നായപ്പോൾ അവളുടെ ചെറിയമ്മ പുറത്തേക്ക് വന്നു. ചെറിയമ്മയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഇറ്റിവീണു. ഞാൻ  അവളുടെ ചെറിയമ്മയോട് കാര്യം അന്വേഷിച്ചു. ചെറിയമ്മ എന്നോട് ഉണ്ടായതെല്ലാം പറഞ്ഞു. അറിയാതെ എന്റെ കണ്ണിൽ നിന്നും കണ്ണുനീർതുള്ളികൾ അടർന്ന് വീണു. അവളൊരു അനാഥയാണെന്ന് ഞാൻ അപ്പോഴാണ് അറിഞ്ഞത്. അവൾ മഴയെ വെറുക്കുന്നതിന് ഒരു വലിയ കാരണമുണ്ട്. ഒരു നല്ല മഴക്കാലത്താണ് അവൾ ജനിച്ചത്. മഴയായത് കൊണ്ട് പുറത്തിറങ്ങാൻ കഴിയാതെ വീട്ടിൽ തന്നെയായിരുന്നു പ്രസവിച്ചത്. ഒരു അമ്മയ്ക്ക് കിട്ടേണ്ട പരിപാലനമൊന്നും അവളുടെ അമ്മയ്ക്ക് ലഭിച്ചില്ല. പിന്നെയവൾ വളർന്ന് വലുതായി. എന്നാലും മഴ അവളെ ദ്രോഹിച്ചുകൊണ്ടിരുന്നു. അവൾക്ക് എട്ട് വയസ്സുള്ളപ്പോൾ ഒരു മഴക്കാലത്ത് അവളുടെ വീട് മഴയിൽ ഒലിച്ചുപ്പോയി. അപ്പോൾ അവളുടെ അമ്മ ഗർഭിണിയായിരുന്നു. ഗർഭിണിയായിരുന്ന ഭാര്യയേയും മകളേയും കൂട്ടി അവളുടെ അച്ഛൻ അപ്പുറത്തുള്ള പട്ടണത്തിൽ പോയി താമസം തുടങ്ങി.അവിടെയും മഴ അവൾക്ക് കാലനായെത്തി. അവളുടെ അമ്മയ്ക്ക് പെട്ടന്ന് പനി ബാധിച്ചു. മഴ കൊണ്ടിട്ടാണ്... വീടിന് പുറത്ത് അച്ഛനെ കാത്തു നിൽക്കുകയായിരുന്നു. പെട്ടന്നാണ് മഴ വന്നത്. അവളുടെ അമ്മ ആകെ നഞ്ഞു. അച്ഛൻ തിരിച്ച് വന്നപ്പോൾ കടുത്ത പനി ബാധിച്ച് കിടക്കുന്ന ഭാര്യയെയും ഭാര്യയെ പരിപാലിക്കുന്ന മക്കളെയുമാണ്.പനിയുടെ ശക്തി കൂടി വരികയാണ്. ഗർഭിണിയായ ഭാര്യയെ രക്ഷിക്കാൻ അവളുടെ അച്ഛൻ മരുന്ന് വാങ്ങാൻ ആ കടുത്ത മഴയിൽ തന്നെ അങ്ങാടിയിൽ പോയി. രണ്ട് ദിവസം കഴിഞ്ഞിട്ടും അച്ഛൻ തിരിച്ച് വന്നില്ല. മൂന്നാം ദിവസം അച്ഛന്റെ മരണ വാർത്തയാണ് അവളും അവളുടെ അമ്മയും അറിയുന്നത്.

മരുന്ന് വേടിച്ച് വരുന്ന സമയത്ത് മഴവെള്ളത്തിന്റെ ഒഴുക്കിൽ പെട്ടുപോയതാണ്. പനി കൂടിക്കൂടി പിറ്റേന്ന് രാവിലെ എട്ട് മാസം ഗർഭിണിയായ അവളുടെ അമ്മയും അവളെ വിട്ട് പോയി. പിന്നെയും അഞ്ചാറ് ദിവസം അവൾ അമ്മയുടെ നാറുന്ന മൃതദേഹവുമായി ഭ്രാന്തമായി കരഞ്ഞു. മൃതദേഹത്തിൽ നിന്ന് വന്ന ചീഞ്ഞ നാറ്റം കാരണം അയൽവാസികൾ അവളുടെ വീട് കയറി പരിശോധിച്ചു. അയൽവാസികൾ അവളെ അമ്മയിൽ നിന്നകറ്റി, മറവ് ചെയ്തു. അവൾ ആ വീട്ടിൽ ഒറ്റയ്ക്കായി. പിന്നെയും പല രാവും പകലും അവൾ അമ്മയുടെയും അച്ഛന്റേയും വസ്ത്രങ്ങൾ കെട്ടിപ്പിടിച്ച് കിടന്നുറങ്ങി. ഉണരുമ്പോഴെല്ലാം ഭ്രാന്തമായി കരഞ്ഞു. വിവരമറിഞ്ഞ അവളുടെ ചെറിയമ്മ അവളെ അവിടെ നിന്ന് കൊണ്ട് പോന്നു. അങ്ങനെയാണ് എന്റെ വീടിന്റെ അപ്പുറത്ത് താമസ്സമായത്. അതിൽ പിന്നെ മഴ കാണുമ്പോളെല്ലാം അവൾ അങ്ങനെയാണ്. ഭ്രാന്തമായി കരയും, നിലവിളിക്കും. അച്ഛന്റെയും അമ്മയുടെയും ജീവനെടുത്ത കാലനായി അവൾ ഇന്നും മഴയെ കാണുന്നു. അവൾ മഴയെ വെറുക്കുന്നു. മഴ വരുമ്പോൾ ഭ്രാന്തമായി കരയുന്നു. ഭയക്കുന്നു. അതെ, അവൾ മഴയെ വെറുത്തു. മഴയെ വെറുത്ത ആദ്യത്തെ പെൺക്കുട്ടി.


ലിൻഷാദ് K.K.

**VII-A**

Knmvhss Vatanappally

# <u>രാമു ചേട്ടൻ</u>

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു വയസ്സായ ആളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് രാമൻ എന്നായിരുന്നു. അദ്ദേഹത്തെ എല്ലാവരും സ്നേഹത്തോടെ രാമുചേട്ടൻ എന്ന് വിളിക്കുമായിരുന്നു. സംഗീതം
നനായി വശമുള്ള ആളായിരുന്ന അദ്ദേഹം. അദ്ദേഹത്തിന് ഭാര്യയോ മക്കളോ ഒന്നുമില്ല. ഒരു വീടുണ്ട്. എല്ലാ ദിവസവും അദ്ദേഹത്തിന്റെ ഗാനം കേൾക്കാനായി ആ ഗ്രാമത്തിലെ ജനങ്ങൾ ആൽമരച്ചുവട്ടിൽ എത്തും.
ഗാനങ്ങൾ കേൾക്കാനെത്തുന്നവർ അദ്ദേഹത്തിന് പണമായോ, ഭക്ഷ്യവസ്തുക്കളായോ, വസ്ത്രങ്ങളായോ ഏതെങ്കിലും ദിവസം കൊടുക്കുമായിരുന്നു. അത്രയ്ക്ക് പ്രാരാബ്ധങ്ങളുള്ള ഒരാളായിരുന്ന അദ്ദേഹം. ഒരു ദിവസം അദ്ദേഹം ഒറ്റയ്ക്ക് മരച്ചുവട്ടിൽ ഇരിക്കുന്നത് ഒരു പെൺകുട്ടി കണ്ടു. അവളുടെ പേര് ആവണി എന്നായിരുന്നു. അവളുടെ കുടുംബം പണവും സ്വത്തുമൊക്കെയുള്ള കുടുംബമാണ്. അവൾ കൂട്ടുകാരുമൊത്ത് സംഗീതം കേൾക്കാൻ വരാറുണ്ടായിരുന്നു. അദ്ദേഹം വിഷമിച്ച് ഇരിക്കുന്നത് കണ്ടതും അവൾ രാമുച്ചേട്ടനോട് ചോദിച്ചു.എന്തുപറ്റി രാമുച്ചേട്ടാ?അപ്പോൾ രാമു ചേട്ടൻ പറഞ്ഞു :വിശന്ന് ഞാൻ തളർന്ന് പോയി മോളേ.അതു കേട്ടതും ആവണി വീട്ടിലേക്ക് ഓടി.അവിടെ ഉണ്ടായിരുന്ന ചോറും കറികളും ഒരു പാത്രത്തിലാക്കി അവൾ അദ്ദേഹത്തിന് കൊണ്ട് കൊടുത്തു.അന്ന് മുതൽ രാമുച്ചേട്ടനും ആവണി കുട്ടിയും ചങ്ങാതിമാരായി.ആവണി ഇടയ്ക്കൊക്കെ പട്ടണത്തിൽ പോകുമായിരുന്നു.അവിടുത്തെ വലിയ വലിയ കടകളിൽ നിന്നും അവൾ വസ്ത്രങ്ങൾ വാങ്ങുമ്പോൾ രാമുച്ചേട്ടനും അവൾക്ക് വസ്ത്രങ്ങൾ വാങ്ങിയിരുന്നു.ഒരു ദിവസം രാത്രി സംഗീതം  കേൾക്കാനെത്തിയ ആളുകൾ പിരിഞ്ഞു.അദ്ദേഹം വീട്ടിൽ കയറി നിലത്ത് പായ വിരിച്ച് ഉറക്കവുമായി.പിറ്റേ ദിവസം വെളുപ്പിന് ആ ഗ്രാമത്തിലെ ജനങ്ങൾ ഞെട്ടിക്കുന്ന വാർത്തയായിരുന്ന അറിഞ്ഞത്.അദ്ദേഹം മരിച്ചു എന്ന്.അദ്ദേഹത്തിന്റെ ശവമടപ്പും കർമ്മങ്ങളും കഴിഞ്ഞ് അന്ന് രാത്രി ആ ഗ്രാമത്തിലെ ആളുകൾ ആൽമരച്ചുവട്ടിൽ ഒത്തുകൂടി.രാമുച്ചേട്ടന് വേണ്ടി പ്രാർത്ഥിച്ചു.എത്ര നല്ല മനസ്സായിരുന്ന അദ്ദേഹത്തിന്റെ?

DILSHA K.D.
V-C

Knmvhss Vatanappally

# സ്ത്രീ



നിങ്ങളാരെങ്കിൽ കണ്ടുവോ
നഗ്നപാദയാമവളെ...?
നിങ്ങളാരെങ്കിലും കേട്ടുവോ
അവൾ തൻ തേങ്ങൾ...?

നാൾക്കുനാൾ ഏറിയ കൊടും
ക്രൂരതയ്ക്കിവളൊരു സാക്ഷി
അവളൊരബല,നാടിൻ
കേമത്തം അറിയാത്ത ചപല

ഇന്നിവളോ ഏക,നാളെയിവളൊരമ്മ
ഒരു കുഞ്ഞിന്നാദ്യ താളം
ജീവിതത്തിൻ പുതിയ താളം
പ്രതീക്ഷതൻ ലയം

ഇവൾ നാടിനും വീടിനും വെറുക്കപ്പെട്ടവൾ
ഇവളെ ഹനിയ്ക്കുവാൻ ഒരുങ്ങുന്ന
അമ്മയേതെന്നറിയാത്തവൾ
പെണ്ണേതെന്ന് അറിയാത്തവർ

ഈ പേക്കൂത്തുകൾക്കെവിടെയാണൊരന്ത്യം...?
ഈ ദുരന്തങ്ങൾക്കിനിയെന്നാണോരവസാനം...?

നവീന എം.ബി.
VI-A

Knmvhss Vatanappally

# **മഴ**



ഉച്ച നേരത്തൊരു
കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ
കാർമുകിലേ
തല്ലിച്ചിതറുമോ
ചില്ലുകണക്കെയെൻ
മുന്നിലുൻമാദിനിയായ്
പൊഴിഞ്ഞു
പൂക്കുന്ന
തൈമാവിൻ
ചില്ലകളും
നിരന്നാടുന്ന

കൈതോല കൂട്ടങ്ങളും.
കാറ്റിൽ
പാഞ്ചാടിയാടും
വയൽപ്പൂക്കളും

മഴപ്പെണ്ണിന്റെ കുളിരേറ്റു.
വാങ്ങുന്നുവോ
പുഴമേല ഓളങ്ങൾ
അണയുന്നുവേ
മല മുകളിലെ
ഉറവയോടിയൊഴുകുന്നുവോ
നിന്റെ സമൃതി ഗീതം
അലകളായ്
തഴുകിടുമ്പോൾ
എന്റെ ഗതകാല
സ്മരണകൾ ഉണരുന്നിതോ
മഴയോരം
ഗീതമാകുന്നുവോ
എൻ മനമൊരു
മയലായ്ആടുന്നുവോ
നീളുന്ന ചെമ്മണ്ണു
പാതകളിൽ
മഴ നീരു
നുഴയുന്നു
നാഗത്തെ പോൽ


കടപ്പാട്-മോഹൻ

ഹൃദ്യ സി.എസ്.

IX-D

Knmvhss Vatanappally

# അമ്പിളി അമ്മാവൻ

ആകാശത്ത് പുഞ്ചിരിച്ച നിൽക്കുന്ന നീ....
രാവിലെ നീ എങ്ങുപോകുന്നു?
രാത്രികളിൽ നീ വഴിക്കാട്ടി
തരുന്നു.
നിൻ കൂട്ടുകാർ നിന്റെ ചുറ്റും
ഉണ്ട്.
നീ അവരുടെ നടുവിൽ
രാജാവിനെ പോൾ വാഴുന്നു.
രാത്രികളിൽ ഞാൻ നിന്നെ
നോക്കിയിരിക്കും.



നിന്റെ അടുത്തേക്കു ഞാൻ വരട്ടേ.
നിന്റെ വഞ്ചിയിൽ എന്നെ കേറ്റി ഈ ലോകം
ചുറ്റിക്കാണുമോ.....
എൻ അമ്പിളി അമ്മാവാ....

തേജശ്രീ എം.എസ്.
V-A

Knmvhss Vatanappally

# അമ്മ

കണ്ണായിരുന്ന അമ്മ
പിന്നീടു കണ്ണിലെ കരടായിമാറി.
മുലപ്പാലിന്റെയും മാറിലെ ചൂടിന്റെയും
ലാളനയുടെയും കടം വീട്ടിയങ്ങയച്ചു
വൃദ്ധ സദനമെന്ന പുരാവസ്തു കേന്ദ്രത്തിലേക്ക്
കണ്ണു പിന്നീട് കണ്ണിലെ കരടുമായമ്മയുടെ
കണ്ണിലേക്ക് മരണമരിച്ചു കേറുമ്പോഴുമാ
പുരാവസ്തുവിന്റെ കണ്ണുകൾ തേടുന്നു
മനുഷ്യത്വമില്ലാത്ത പൊന്നോമനകളെ...

കടപ്പാട്- രാജേഷ് അറയങ്കര

ഹർഷ കെ.എ

IX-D

# <u>ഉമ്മ</u>

ജന്മം തന്നെനിക്കുമ്മയായി...

പുണ്യം വേറെ എനിക്കെന്തിനാ...

സ്വപ്നം കണ്ടു ഞാൻ ഉണരുമ്പോളീ മനം....

തേടുന്നു നിൻ താരാട്ടിനായി...

അന്യമായാ ഈരടി ഇന്നെനിക്കമ്മാ....

ഞാൻ ഇന്നിടെ തനിച്ചാണ് ഇന്നുമ്മ...

പാടി തീർന്നാലും തീരാത്ത....

താരാട്ടാണ് എന്നുമ്മാ...

മനമൊന്നിടറിയാൽ ആരെക്കാളും.....

മുമ്പേ മനസിലാക്കുന്നതും എന്റെ ഉമ്മ...

സ്നേഹത്താൽ പൊതിയുന്ന

സാഞ്ചന സ്പർശമാണെന്നുമ്മാ....

വാനോളം വാത്സല്യം കോരിച്ചൊരിയുന്ന...

നേരിന്റെ നന്മയാണ് എന്റെയുമ്മ.....

കനിയുന്ന കരളാണ്...അലിവുള്ള മനമാണ്

എന്റെ ഹൃദയത്തിൽ സ്പന്ദനമാണെന്നുമ്മാ

എഴുതിയാൽ തീരാത്ത സ്നേഹിമാണ്...

പറയാൻ എനിക്കെന്റെ വാക്കുകൾക്ക്

അതീതമാണ് എൻ ഉമ്മ.........

NAVEENA N.BINOJ
VI-A

Knmvhss Vatanappally

# വർഷത്തിൽ ഒരിക്കൽ

ഒരു റഷ്യൻ നായ വർഷത്തിലൊരിക്കൽ അമേരിക്കയിലെ അവന്റെ ചങ്ങാതിയെ സന്ദർശിക്കുമായിരുന്നു.ഒരിക്കൽ അമേരിക്കൻ നായ റഷ്യൻ നായയോട് ചോദിച്ചു.

“കൂട്ടുകാരാ നീ എല്ലാ വർഷവും എന്നെ കാണാൻ വരുന്നുണ്ടല്ലോ.എന്താ അവിടെ നിനക്ക് ആഹാരമൊന്നും കിട്ടുന്നില്ലേ?”

“കൊള്ളാം,സ്വർണതളികയിൽ ,ലോകത്തിൽ വെച്ച് ഏറ്റവും സ്വാദിഷ്ഠമായ ആഹാരങ്ങളാണ് കിട്ടുന്നത്.”പിന്നെ നിനക്കവിടെ താമസിക്കാൻ സ്ഥലമില്ലായിരിക്കും അല്ലേ?”

“ലോകത്തിലെ ഏറ്റവും മൃദുവായ പഞ്ഞി കൊണ്ടുണ്ടാക്കിയ മെത്തയിലാണ് ഞാൻ ഉറങ്ങുന്നത്.”റഷ്യൻ നായ പറഞ്ഞു.

“എങ്കിൽ പിന്നെ നിന്നെ ശുശ്രൂഷിക്കാൻ ആരുമല്ലേ?”

“അതു കൊള്ളാം.അഞ്ചു പരിചാരകരുണ്ട് എനിക്ക് മാത്രമായി”

“പണ്ടാരമടങ്ങാൻ പിന്നെ നീ എന്തിനാണ് കൂടെ കൂടെ ഓടിവരുന്നത്?”അൽപം താഴ്ന്ന സ്വരത്തിൽ റഷ്യൻ നായ പറഞ്ഞു.”വർഷത്തിലൊരിക്കലെങ്കിലും ഒന്നു കുരയ്ക്കേണ്ടേ സ്നേഹിതാ”

അഭിജിത്ത് ടി.എ.
IX-D

# തെറ്റിദ്ധാരണ

പണ്ടുപണ്ടൊരിടത്ത് അശ്വിൻ എന്നൊരു ആൺക്കുട്ടി ഉണ്ടായിരുന്നു.അവനാണെങ്കിൽ വയലിംഗിനോട് വളരെയധികം താല്പര്യം ഉണ്ടായിരുന്നു.അവന്റെ അച്ഛനും അമ്മയ്ക്കും ജോലിയുടെ തിരക്ക് കാരണം അവനെ ശ്രദ്ധിക്കാനോ.......പരിചരിക്കാനോ......കഴിഞ്ഞിരുന്നില്ല.എന്നാൽ അച്ഛനും അമ്മയ്ക്കും അവനെ വളരെയധികം ഇഷ്ടമായിരുന്നു.അച്ഛനും അമ്മയ്ക്കും ഈ ലോകമറിയുന്ന പാട്ടുകാരനാക്കാനായിരുന്നു ആഗ്രഹം.പക്ഷേ അവന് വയലിൻ വായിക്കാനും അതിന്റെ പേരിൽ അറിയപ്പെടാനുമായിരുന്നു ആഗ്രഹം.അവന്റെ അച്ഛനും അമ്മയ്ക്കും ആവശ്യത്തിലധികം സ്വത്തും പണവും പണത്തിനോടൊത്ത സൗകര്യവും അവർക്കുണ്ടായിരുന്നു.ഒരു ദിവസം അവൻ ഉറക്കം ഉണർന്ന് ദിനകാര്യങ്ങൾ ചെയ്ത് പെട്ടന്നവൻ കലണ്ടറിലേക്ക് നോക്കി.ഇന്ന് ശനിയാഴ്ചയാണ്;നാളെയാണെങ്കിൽ ഓണവും.ശനിയാഴ്ചയായത് കാരണം അച്ഛനും അമ്മയ്ക്കും അവധിയാണ്.അവൻ ഓർത്തു അവൻ ഓടിച്ചെന്ന് വയലിംഗ് എടുത്ത് അമ്മയ്ക്ക് വയലിംഗ് വായിക്കുന്നത് കാണിച്ച് കൊടുക്കാൻ അവൻ അമ്മയുടെ മുറിയിലേക്ക് ഓടി.അമ്മ അവിടെ ജോലിക്കാര്യം ഫോണിൽ നോക്കി കൊണ്ടിരിക്കുകയായിരുവന്നു. വയലിംഗ് വായിച്ചെങ്കിലും അമ്മ അവനെ ശ്രദ്ധിച്ചില്ല.അവൻ ഉടനെ അച്ഛന്റെ അടുത്തേക്ക് പോയി.അച്ഛനും അവനെ ശ്രദ്ധിച്ചില്ല.അന്നേരം അവൻ ബാൽക്കെണിയിലേക്ക് പോയി.അവൻ തൊട്ടപ്പുറത്തെ ഓലപ്പുരവീട്ടിലേക്ക് നോക്കി.അവിടെ അവന്റെ പ്രായമുള്ള കുട്ടി അവന്റെ പേര് സിദ്ധു എന്നായിരുന്നു.അവനെ അവന്റെ അച്ഛനും അമ്മയും പഠിപ്പിക്കുന്നതാണ് അവൻ കണ്ടത്.അവൻ ആ കാഴ്ച കുറേ നേരം നോക്കി നിന്നു.സങ്കടം വന്നു.അവൻ സങ്കടത്തോടെ ഉറങ്ങാൻകിടന്നു.അവൻ പിറ്റേ ദിവസം എഴുന്നേറ്റ് ദിനകാര്യങ്ങൾ ചെയ്ത് അടുത്ത വീട്ടിലേക്ക് നോക്കി.അവിടെ ഓണാഘോഷം നടക്കുകയായിരുന്നു. ഓണപ്പൂക്കളം,ഓണക്കളികൾ,ഓണസദ്യ ഇതൊക്കെ അവൻ കൺകുളിർക്കെ കണ്ടു നിന്നു.തന്റെ വീട്ടിലാണെങ്കിൽ ഓണഘോഷങ്ങൾ ഒന്നുമില്ല.അവന് സങ്കടം തോന്നി.അവൻ വിതുമ്പി കരഞ്ഞു.അവൻ ഓർത്തു:അവനെ വീട്ടിൽ വിളിച്ചിരുന്നത് കണ്ണൻ എന്നായിരുന്നു. എത്ര നാളായി അമ്മയുടെ വായിൽ നിന്ന് കണ്ണാ..... എന്നൊരു വിളി കേട്ടിട്ട് അവന് ഡ്രസ്സ് വാങ്ങാനായി അമ്മ അവനോട് പറയാതെ അച്ഛനും അമ്മയ്ക്കും ഡ്രസ്സ് എടുക്കാൻ എന്ന് പറഞ്ഞ് അവനെയും കൊണ്ട് കടയിലേക്ക് പോയി.കടയിലേക്ക് പോകുന്ന വഴിയിൽ റോഡ് ക്രോസ് ചെയ്യാനുണ്ടായിരുന്നു അവൻ പെട്ടന്ന് ഒരു വണ്ടി വരുന്നത് കണ്ടു. അവൻ ആലോചിച്ചു.ഇതാണ് തനിക്ക് മരിക്കാൻ പറ്റിയ അവസരം അവൻ റോഡിലേക്ക് ഓടി അമ്മ ഉടനെ വിളിച്ചു കണ്ണാാാ..... എന്നിട്ട് അവനെ ഓടിച്ചെന്ന് കെട്ടിപിടിച്ചു.എന്തിനാ മോനേ നീ ഇങ്ങനെ ചെയ്തത്.അവൻ പറഞ്ഞു അമ്മേ എനിക്ക് തോന്നി അമ്മയ്ക്കും അച്ഛനും എന്നെ ഇഷ്ടമല്ല എന്ന്. എന്നാൽ ഇപ്പോൾ അതില്ല അമ്മയെ ഞാൻ തെറ്റിദ്ധരിച്ചു. അമ്മ എന്നെ രക്ഷിക്കാൻ വന്നില്ലേ
എനിക്ക് ഒരു കുഴപ്പവും ഇല്ല.

<u>**ഗുണപാഠം**</u>: ചിന്തിക്കാതെ പ്രവർത്തിക്കരുത്.


ശിവാനി വി.എസ്.
ഐശ്വര്യ ഐ.വി.
ലയ ലിജിൽ
ദേവിക കെ.പി.
ലക്ഷ്മിത പി.എ.

VII-C

Knmvhss Vatanappally

# മാഞ്ഞു പോയ ആകാശക്കട്ടുവ

അമേരിക്കയുടെ ആ പട്ടാളത്തിന് ശരിക്കും ചേരുന്ന പേരായിരുന്നു അത്-ഫ്ലയിംങ് ടൈഗർ 739 അത്ര വലിയ വിമാനമായിരുന്നു അത്.വർഷം 1962 മാർച്ച് മാസത്തിലെ തെളിഞ്ഞ പകൽ,ഏഷ്യൻ രാജ്യമായ വിയറ്റ്നാമിൽ അമേരിക്ക കടുത്ത അക്രമണം നടത്തുന്ന കാലം.അമേരിക്കയിലെ കാലിഫോർണിയയിൽ നിന്ന് വിയറ്റ്നാമിലെ സെയ്ഗൺ ലക്ഷ്യമാക്കി ഫ്ലയിംങ് ടൈഗർ 739 പറന്നുയരുന്നു. ശക്തരായി ചെറുത്തു നിൽക്കുന്ന വിയറ്റ്നാം ഒളിപ്പോരാളികളെ തകർക്കാൻ,അമേരിക്കൻ പട്ടാളം പഠിച്ച പണി പതിനെട്ടും പയറ്റുന്ന കാലമായിരുന്നു അത്. വിയറ്റ്നാം കാടുകളിൽ യുദ്ധം ചെയ്യാൻ പ്രത്യേക പരിശീലനം കിട്ടിയ 93 സൈനികരാണ് ഫ്ലയിംങ് ടൈഗർ 739 -ൽ ഉണ്ടായിരുന്നത്. ഫിലീപ്പിൻസ് വഴിയാണ് വിമാനം വിയറ്റ്നാമിലേക്ക് പോകേണ്ടത്. പസഫിക്ക് സമുദ്രത്തിന് മുകളിലൂടെ'പറക്കും കടുവ' ലക്ഷ്യത്തിലേക്കു നീങ്ങി.




ഇടയ്ക്ക് വിമാനം പസഫിക്ക് സമുദ്രത്തിലെ ദീപായ ഗുവാമിൽ ഇറങ്ങി. അമേരിക്കയുടേതാണ് ആ ദ്വീപ്. അവിടുത്തെ ആൻഡേഴ്സൺ വ്യോമാതാവളത്തിൽ നിന്ന് ഫ്ലയിംങ് ടൈഗർ ഇന്ധനം നിറച്ചു. ഉച്ചയ്ക്ക് വിമാനം ഗുവാം ദ്വീപിൽ നിന്ന് പറന്നുയർന്നു.

107 പേരുമായി പറന്ന ആ വിമാനം പക്ഷേ,ഒരിക്കലും ലക്ഷ്യത്തിൽ എത്തിയില്ല.ഗുവാമിൽ നിന്ന് പറന്നുയർന്ന് 80 മിനിറ്റ് കഴിഞ്ഞപ്പോൾ വിമാനമായുള്ള എല്ലാ ബന്ധങ്ങളും ഇല്ലാതായി. വൈകീട്ട് ഏഴുമണിയോടെ ഫിലിപ്പീൻസിലെ വ്യോമാത്താവളത്തിൽ ഏത്തേണ്ടതായിരുന്നു ആ വിമാനം. മണിക്കൂറുകൾ കഴിഞ്ഞിട്ടും വിമാനം കാണാതായതോടെ തിരച്ചിൽ തുടങ്ങി.

പസഫിക്ക് സമുദ്രത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ തിരച്ചിലാണ് അമേരിക്ക നടത്തിയത്. യുദ്ധക്കപ്പലുകളും ഹെലിക്കോപ്റ്ററുകളും ചേർന്ന് സമുദ്രത്തിന്റെ അഞ്ചര ലക്ഷം കിലേമീറ്റർ ചുറ്റളവിൽ അരിച്ചു പെറുക്കി. പക്ഷെ ഒന്നും കണ്ടത്താനായില്ല.

വിമാനം പറന്ന ദിവസം പസഫിക്ക് സമുദ്രത്തിൽ ശാന്തമായ കാലാവസ്ഥയായിരുന്നു. എന്തെങ്കിലും പ്രശ്നമുണ്ടായാൽ വ്യോമാത്താവളവുമായി ബന്ധപ്പെടാനുള്ള എല്ലാ സജ്ജീകരണങ്ങളും വിമാനത്തിലുണ്ടായിരുന്നു, അധിവിദഗ്ധരായ മൂന്ന് പൈലറ്റുമാർക്കായിരുന്നു. വിമാനം പറത്തുന്നതിനുള്ള ചുമതല. വിമാനത്തിൽ നിന്നും ഒരു അപകട സൂചനയും ലഭിച്ചിരുന്നില്ല.

ഏഴുമണിക്കൂർ പറക്കാൻ വേണ്ട ഇന്ധനം വിമാനത്തിൽ ഉണ്ടായിരുന്നു,വിമാനത്തിന് യന്ത്രത്തകരാർ ഒന്നുമില്ല എന്ന് പലതവണ പരിശോധിച്ച് ഉറപ്പിച്ചിരുന്നു.

അമ്പതു വർഷങ്ങൾ കഴിഞ്ഞു ഇന്നും അമേരരിക്കക്കാർ ചോദിക്കുന്നു.പറക്കും കടുവ എവിടെ?ഉത്തരമില്ല.

അതുൽകൃഷ്ണ P.D.

IX-D

Knmvhss Vatanappally

# മലയാളം

മലയാളം മലയാളം
തേനൂറും മലയാളം
നമ്മുടെ നാടിൻ
ഭാഷതൻ മലയാളം
മലയാളി മക്കൾതൻ
അമ്മതൻ മലയാളം
അമ്മാനമാടിക്കളിക്കും മലയാളം
കേരളഭാഷയും കേരളമക്കളും
പറയുന്ന ഭാഷയും മലയാളം
തുഞ്ചനും ആശാനും എഴുതുന്ന മലയാളം
നാടിന്റെ സംസ്കാര ഭാഷയും മലയാളം
നാടിന്റെ ഭാഷയാം മലയാളം

അനാമിക കെ.എസ്

VllI-F

Knmvhss Vatanappally

# പവിഴദിവീപിലൂടെ ഒരു യാത്ര



ലക്ഷദ്വീപലൂടെയുള്ള ഒരു യാത്രാവിവരണമാണ് ഇവിടെ എഴുതുന്നത്.

കള്ളവും ചതിയും ഇല്ലാതെ സ്നേഹിക്കാൻ മാത്രം അറിയുന്നവരുടെ നാട്.നിറഞ്ഞ പുഞ്ചിരിയോടെ നമ്മെ സവീകരിക്കുന്നവർ.പാമ്പുകളില്ല,പട്ടി,നായ,കാക്ക എന്നിവരാരും ഇവിടെയില്ല.കുണ്ടും കുഴിയും ഇല്ലാത്ത അഞ്ചടി വീതി മാത്രമുള്ള കോൺക്രീറ്റ് റോഡുകൾ.ഭൂമിയ്ക്കടിയിലൂടെ വൈദ്യുത വിതരണം.ബിവറേജും കള്ളുഷാപ്പും ഇല്ലാഞ്ഞിട്ടും മനുഷ്യർ ജീവിക്കുന്ന സ്വർഗഭൂമി.ഒഴിവ് സമയം പരമാവധി ആസ്വദിക്കുന്നവർ.അസുഖങ്ങൾ വളരെ കുറവുള്ള നാട്ടിൽ ഓരേ ഒരു മെഡിക്കൽ ഷോപ്പ്.നാട്ടുകാർക്കെല്ലാം സൗജന്യമായി നൽകുന്ന സർക്കാർ വകുപ്പുകൾ.ഈ പറഞ്ഞതെല്ലാം കേരളത്തിന്റെ പടിഞ്ഞാറ് അറബി കടലിൽ കിടക്കുന്ന ലക്ഷദ്വീപിലെ കവരത്തി എന്ന ദ്വീപിലെ സവിശേഷതയാണ്.കൊച്ചിയിൽ നിന്ന് ഏകദേശം 290 കിലോമീറ്റർ പടിഞ്ഞാറ് ഭാഗത്തായിട്ടാണ് കവരത്തി സ്ഥിതിചെയ്യുന്നത്.ആ നാടിനെ കുറിച്ച് കൂടുതൽ അറിയാൻ നമുക്ക് ആ നാട്ടിലേക്ക് പോകാം.

യാത്ര ആരംഭിച്ചത് ഏകദേശം വൈകീട്ട് മൂന്നിന് കൊച്ചിയിൽ നിന്ന് ലെഗൂൺ  എന്ന കപ്പലിലാണ്.

ഈ യാത്രയിലെ ഏറ്റവും നല്ല അനുഭവം കപ്പലിലെ യാത്ര തന്നെ.നല്ല വിശാലമായ മുറികൾ നാല് കിടക്ക ശീതീകരിച്ച കപ്പൽ.450 യാത്രക്കാർ കപ്പൽ സാവധാനം സഞ്ചരിക്കാൻ തുടങ്ങി.സൂര്യൻ ഇന്നത്തെ ജോലി അസാനിപ്പിച്ച് ഉറങ്ങാൻ പോയി..രാത്രിയുടെ ഭീകരത വല്ലാത്ത അനുഭവമായിരുന്നു.എങ്ങോട്ടും ഇരുട്ട്,നമ്മുടെ കപ്പൽ മാത്രം കടലിൽ (മണിക്കൂറിൽ 25 കിലോമീറ്റർ വേഗത)ഒറ്റയ്ക്ക് തണുത്ത ശീതകാറ്റിൽ കപ്പലിന്റെ മേലാപ്പിൽ രാത്രിയുടെ ഇരുട്ടിൽ ഇരുന്നുള്ള രാത്രി കാഴ്ച ഒരു അനുഭവം തന്നെ.രാത്രി വളരെ വൈകിയാണ് കിടന്നത്.കപ്പൽ ആടിയുലയുന്നത് കൊണ്ട് ആരുടേയും താരാട്ട് പാട്ട് ആവശ്യമില്ല.സുഖമായി ഉറങ്ങി.ഇതു വരെ ഉദയം കാണാതെ എന്റെ സുഹൃത്ത് ഉദയം കാണാൻ പുലർക്കാലെ കപ്പലിന്റെ മുകളിൽ നിർഭാഗ്യവശാൽ സൂര്യൻ പണി മുടക്കി.ചുറ്റും കാർമേഘം നേരം 6.30 ഞങ്ങൾ തീരത്തെത്തി.കപ്പൽ നടുക്കടലിൽ നിൽക്കുന്നു.(കപ്പൽ തീരത്ത അടുക്കില്ല)ഉടൻ നിർദേശം വന്നു.”താഴെ നിൽക്കുന്ന ബോട്ടിലേക്ക് ചാടിക്കോ”ആളുകൾ ചാട്ടം ആരംഭിച്ചു.തെല്ല് സന്തോഷവും പേടിയും ഉണ്ടായിരുന്നു.വളരെ വേഗം ദ്വീപിൽ എത്തി.പുതിയ നാട്ടിൽ എത്തിയ അനുഭൂതി.കടൽ മുഴുവനും നീല നിറം.മറ്റൊരു സൈഡിൽ നിന്ന് നോക്കിയാൽ പച്ച നിറം!ഇങ്ങനെയും കടൽ ഉണ്ടാകുമോ?

പഞ്ചാരമണൽ,ഇത്രയും സുന്ദരമായ തീരം ലോകത്തെവിടെയുണ്ട്?പക്ഷേ ഇതാരും തന്നെ ലോകത്തെ പരിചയപ്പെടുത്തിയിട്ടില്ല.ഇനി സ്കൂളിലേക്ക് പോകാം.(ഞങ്ങൾ 9 അദ്ധ്യാപകരാണ് ഇവിടെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ പഠിപ്പിക്കാൻ സർക്കാർ

Knmvhss Vatanappally

നിയോഗിച്ചിട്ടുള്ളത്.8 ദിവസത്തെ പ്രോഗ്രാം അതിന്റെ ഭാഗമായിട്ടാണ് ഈ യാത്ര)നല്ല കുട്ടികൾ,അക്ഷരം അറിയുന്നവർ.പക്ഷേ ഒരു പ്രശ്നം ഇവിടെ തുടങ്ങുന്നു.ഒരു സംഭവം പറയാം ഞങ്ങൾ ഇന്നത്തെ ക്ലാസ്സ് കഴിഞ്ഞ് തിരിച്ച് റൂമിലേക്കുള്ള യാത്രാ വഴിയിൽ മീൻ വിൽപ്പന,മീൻ വാങ്ങാൻ തീരുമാനിച്ചു.വില ചോദിച്ച് പരിചയപ്പെട്ടു.വിൽപ്പനക്കാരൻ അദ്ധ്യാപകൻ ആണ്.(എച്ച്.എച്ച്.എ. ഹിന്ദി)പുള്ളി അവധിയെടുത്ത് മീൻ പിടിക്കലാണ് പരിപാടി.സ്വന്തമായി ബോട്ടുണ്ട്.ഒരു ദിവസം മീൻ പിടിക്കാൻ പോയാൽ നല്ലൊരു തുക കിട്ടും.
(40,000)പിന്നെ എന്തിന് പഠിപ്പിക്കണം.ഇതാണ് സ്കൂളിന്റെ പൊതു സ്വഭാവം.ഇനി നാട്ടിലേക്ക് പോകാം.കോഴികൾക്ക് ളുവലിൽ നിറം തേച്ച് പിടിപ്പിക്കും.കാരണം കോഴികൾ രാവിലെ മുതൽ രാത്രി വരെ ഇങ്ങനെ നടക്കും.ളുവലിലെ നിറം നോക്കിയാണ് ഇത് ആരുടെ കോഴിയാണെന്ന് പറയുന്നത്.ഓരോ വീടിനും
ഓരോ നിറം അനുവദിച്ച് കൊടുത്തിട്ടുണ്ട്.ഇവർക്ക് കൂട് കാണാനാകില്ല.കാരണം ഇവരെ പിടിക്കാൻ ആരും വരല്ലല്ലോ.അതുകൊണ്ട് അതിരാവിലെ അവർ അവരുടെ ജോലി തുടങ്ങും.എല്ലാവർക്കും വീട്ടിൽ ആടുകളുണ്ട് പുറത്തേക്ക് അഴിച്ചിട്ടാൽ പഞ്ചായത്ത് വന്ന് പിടിച്ച് ലേലം ചെയ്യും.എല്ലാം സൗജന്യം.(കൂളർ,വാട്ടർഹീറ്റർ, എ.സി.)എന്തിന് സർവ്വത്ര ഭക്ഷണം നേരത്തേ പറഞ്ഞുവല്ലോ.എനിക്ക ഇഷ്ടപ്പെട്ടത് അവരുടെ പലഹാരങ്ങൾ തന്നെ.”കലാഞ്ചി”വളരെ നേർത്ത പേപ്പറിന്റെ ആകൃതിയിലുള്ള ഒരു പലഹാരം,ഇത് ഒരാൾക്ക്
50 എണ്ണം കഴിക്കാം പറ്റും,കൂടെ അവരുടെ ശർക്കര പാനിയും പഴവും മിക്സ് ചെയ്ത് കഴിക്കണം. ഇതിന്റെ
രുചി നാവിലുണ്ട്,ഇത് എഴുതുമ്പോൾ അറിയാതെ ഒരു രസം ഊറുന്നു.മറ്റൊന്ന് അവിടെ കിട്ടുന്ന"മീര”തെങ്ങിൽ നിന്നും എടുക്കുന്ന മധുര നീര്,എത്ര വേണമെങ്കിലും കുടിക്കാം.ഇതൊരു ലഹരി പാനീയമല്ല.പക്ഷേ ഇത് തെങ്ങിൽ നിന്നും ചെത്തിയെടുക്കാൻ 2 ആളുകളാണ് ഉള്ളത്,അവരുടെ സ്വീകാര്യത എത്ര മാത്രമെന്ന് എടുത്ത് പറയേണ്ടതില്ല.(കവരത്തി ദ്വീപിലെ അവസ്ഥയാണ് ഇത്.ഇവിടെ 16,000 ആളുകളാണ് താമസിക്കുന്നത്.ഏകദേശം അത്ര തന്നെ ആളുകൾ ഫ്ളോട്ടിങ്ങ് പോപ്പുലേഷനും ഉണ്ട്.നീളം 6 കിലോമീറ്റർ വീതി ഏകദേശം അത്ര തന്നെ.)അവരുടെ മുഖം കാണാൻ ആളുകൾ നില്ക്കുന്നത് കാണുമ്പോൾ നമ്മുടെ നാട്ടിലെ ജനങ്ങൾ ആൾദൈവത്തെ കാണാൻ നില്ക്കുന്നത് പോലെ തോന്നി പോയി.

ഇവിടയുള്ളവർ ഉറങ്ങാൻ 12 മണി കഴിയണം,അതു വരെ സ്ത്രീകളും കുട്ടികളും കൂട്ടമായി നടക്കും. എങ്ങും മത്സ്യം.മത്സ്യംഉണക്കി കയറ്റിയയക്കുന്നു.(റ്റ്യൂണ എന്ന മത്സ്യമാണ് ഇവിടെ കിട്ടുന്നത്.)മത്സ്യം കൊണ്ട് ഉപ്പേരി,അച്ചാർ,കറി വെച്ചത്,വറുത്തത് എങ്ങനെയുണ്ട്?NOT എന്ന ജലശുദ്ധീകരണ മാർഗം കണ്ടു.
അടുത്ത സോഷ്യൽ മേളയ്ക്ക് കൊണ്ട് പോകുവാൻ പറ്റിയ വർക്കിങ്ങ് മോഡൽ.

കടലിന്റെ അടിത്തട്ടിലേക്ക് ഓക്സിജൻ സിലിണ്ടറുമായി പോയി.നമ്മളെ കാണാൻ പച്ചയും മഞ്ഞയും കറുപ്പും വെളുപ്പും നിറമുള്ള മത്സ്യങ്ങൾ ഓടിയെത്തി.നമ്മെ തൊട്ടും തലോടിയും അവർ പാഞ്ഞു.പവിഴപ്പുറ്റുകൾ
ധാരാളം,പല വർണ്ണങ്ങളിൽ.അവർക്ക് കുറച്ച് അഹങ്കാരമിണ്ട്.ഞങ്ങളാണ് ഈ ദ്വീപിനെ താങ്ങി

നിർത്തുന്നത് എന്ന തോന്നൽ.

ഇന്ന് മൂന്നാം ദിവസത്തെ യാത്ര മറ്റൊരു ദ്വീപിലേക്കാണ്"അഗത്തി". യാത്രഅതിരാവിലെ, വാഹനം'വെസൽ' എന്നു പറഞ്ഞാൽ കപ്പലിന് ബോട്ടിലുണ്ടായ കുഞ്ഞ്.കൊള്ളാം പക്ഷേ അവന്റെ കുതിപ്പ് വല്ലാത്ത ഒരു പോക്ക് തന്നെ.രണ്ട് മണിക്കൂർ കഴിഞ്ഞില്ല,ദ്വീപിലെത്തി.മറ്റൊരു ലോകം.നല്ല ആളുകൾ മറ്റു കാര്യങ്ങൽ പഴയത് പോലെ.ഇവിടെ സ്കൂളിന്റെ സ്ഥിതി മറ്റൊന്ന് കുട്ടികൾ വളരെ മിടുക്കന്മാർ.പാഠഭാഗം എടുത്തിട്ടില്ല.



ജ്യോഗ്രഫിയിൽ രണ്ട് ഭാഗം എടുത്തിട്ടില്ല.ഞങ്ങളെ കണ്ടപ്പോൾ ടീച്ചർക്ക് മീനത്തിൽ മഴ പെയ്ത അനുഭവം.
പാഠഭാഗം എടുത്തു കൊടുത്തു.

ഇന്ന് പഠിപ്പിക്കലിന് അവധി.ഒരു യാത്ര പുറപ്പെടാൻ രാത്രി തീരുമാനമെടുത്തു.രാവിലെ 5.30 ന് യാത്ര ആരംഭിച്ചു.ബോട്ടിലാണ് യാത്ര.2 മണിക്കൂർ കൊണ്ട് മറ്റൊരു ദ്വീപിലെത്തും.'ബംഗാരം' യാത്ര ആരംഭിച്ചു.പുലർക്കാലത്തേക്കുള്ള യാത്ര ഒരനുഭവം തന്നെ.ചുറ്റും മഞ്ഞിന്റെ മേലാപ്പ്.ഒന്നും കാണാനില്ല.നല്ല തണുപ്പ് അതികഠിനം.ഇതിലും ഒരു സുഖമുണ്ട്.അത് അനുഭവിച്ചവർക്കേ അറിയൂ.യാത്ര കുറച്ച് നേരം പിന്നിട്ടപ്പോൾ ഒരു കാഴ്ച കണ്ടു.കുറേ ആളുകൾ കടലിന്റെ നടുവിൽ നീന്തി വല കൊണ്ട് വലയം തീർത്ത് അതിനുള്ളിലെ ചാള കുഞ്ഞുങ്ങളെ പിടിച്ച് ബക്കറ്റിൽ ആക്കുന്നു.എന്തിനാണ് എന്ന് ചോദിച്ചപ്പോൾ മറുപടി രസകരമായിരുന്നു.ഈ പൊടിക്കുഞ്ഞുങ്ങളെ കൊണ്ട് നടുക്കടലിന്റെ മറ്റൊരു ഭാഗത്ത് കൊണ്ട് പോയി ജീവനോടെ കടലിലിട്ട് വലിയ ട്യൂണ എന്ന മത്സ്യത്തെ പിടിക്കാം.യാത്ര തുടർന്ന് കൊണ്ടിരുന്നു.ഇതാ തെളിഞ്ഞ അടിത്തട്ട്.കടലിന്റെ അടിത്തട്ടിൽ ഒരു മൊട്ടു സൂചി പോയാൽ മുകളിൽ നിന്ന് താഴെ നോക്കിയാൽ
കാണാം.അത്ര സുന്ദരം.എത്ര വർണമുള്ള മത്സ്യങ്ങൾ.നേരത്തേ പറഞ്ഞത് കൊണ്ട് ബോറടിപ്പിക്കുന്നില്ല.ഇതാ
വരുന്ന ഭീമൻ കടലാമ ഒരു ചെറയ നേനോ കാറിന്റെ വലുപ്പം.ഭാരം എത്രയാണെന്നോ 75 കിലോഗ്രാം. എങ്ങനെയുണ്ട്?ഒന്നല്ല,ഒരു പറ്റം.നല്ല കാഴ്ചകൾ.ഇതാ ദ്വീപിലെത്തി.ഇവിടെ ആരും സ്ഥിര താമസക്കാരില്ല. ഇത് സഞ്ചാരികൾക്ക് മാത്രം തങ്ങാവുന്ന ദ്വീപ്.അരക്കിലോമീറ്റർ നീളം അത്ര തന്നെ വീതി.സുന്ദരമായ തീരം.
പറഞ്ഞറിയിക്കാൻ പറ്റാത്ത സൗന്ദര്യം.

ദ്വീപ് നടന്ന് കണ്ടു.ക്ഷീണം മാറ്റാൻ 'മീര' മധുര നീര്.കൂട്ടിന് വറ്റമീൻ വറ്റിച്ചത്.പിന്നെ എന്ത് വേണം!
സമയം 12 മണി.നട്ടുച്ച ദ്വീപിനോട് യാത്ര പറഞ്ഞ് ബോട്ട് തിരിച്ചു.ബോട്ട് കുറച്ച് മുന്നോട്ട് പോയപ്പോൾ ഞങ്ങളുടെ ബോട്ടിന് അകമ്പടിയായി ഒരു കൂട്ടം ഡോൾഫിനുകൾ.വളരെ വേഗത്തിലാണ് ബോട്ടിന്റെയും ഡോൾഫിന്റെയും യാത്ര .ബോട്ടിന്റെ ഡ്രൈവർ ഡോൾഫിന്റെ കഥ പറഞ്ഞു.കരളലിയിപ്പിക്കുന്ന കഥ. ഡോൾഫിന് മനുഷ്യനുമായി ചങ്ങാത്തം സ്ഥാപിക്കാൻ വളരെ ഇഷ്ടമാണ്.ഡോൾഫിനെ പിടിക്കുന്ന മുക്കുവർ തന്ത്രപൂർവം ചങ്ങാത്തം ഉപയോഗിച്ച് അതിനെ രണ്ട് പേർ ചേർന്ന്(ചെറിയതിനെ) കോരിയെടുത്ത്


Knmvhss Vatanappally


ബോട്ടിലേക്കിടും.ബോട്ടിൽ കിടന്ന് ഇത് വാവിട്ട് കരയും.കഞ്ഞിനെ നഷ്ടപ്പെട്ട അമ്മ കരയുന്ന പോലെ,ഈ കരച്ചിൽ ഏവ്വടേയും കരളലിയിപ്പിക്കും.ഈ കരച്ചിൽ മണിക്കൂറുകൾ നീണ്ടു നില്ക്കും.ഈ കരച്ചിൽ കേട്ട് മറ്റ് ഡോൾഫിനുകൾ പിന്നാലെ കൂടും.ഇവരെ ഇങ്ങനെ പിടിക്കും.ഈ കഥ കേട്ടപ്പോൾ സഹതാപം തോന്നി. നമുക്ക് എന്ത് ചെയ്യാം.പക്ഷേ ദ്വീപിലെ മീൻപിടുത്തക്കാർ ആരും തന്നെ ഇപ്പോൾ ഡോൾഫിനെ പിടിക്കാറില്ല.ഇത് കേട്ടപ്പോൾ മസ്സിൽ ഒരു ആശ്വാസം.ബോട്ട് യാത്ര തുടർന്ന് കൊണ്ടിരുന്നു. ബോട്ടിലെ രണ്ട് ചൂണ്ടലുകൾ ഞങ്ങൾ കടലിലേക്ക് അയച്ചു കൊടുത്തു.കുറച്ചു കഴിഞ്ഞില്ല.ഇതാ ഒരു വലിയ മത്സ്യം പിടി തന്നു.ബോട്ടിൽ വലിയ സന്തോഷം.ഇത്തരം ഒരു അനുഭവം ആദ്യമായിട്ടാണ്.നാട്ടിൽ വല വീശാരുണ്ട്,മീൻ ലഭിക്കാറുണ്ട്.അപ്പോഴൊന്നും ഇത്രയും അഹങ്കാരം തോന്നിയിട്ടില്ല.ആർക്കും അഭിമാന നിമിഷമാണ് മീൻ ലഭിച്ചു കഴിഞ്ഞാൽ.ഇവിടെയാണ് ചൈനീസ് പഴമൊഴിയുടെ പ്രയോഗം.ഏകദേശം അഞ്ച് കിലോഗ്രാം ഉണ്ട്.നമ്മുടെ നാട്ടിൽ ലഭിക്കുന്ന വറ്റ.കുറച്ച് കഴിഞ്ഞപ്പോൾ മറ്റ ചൂണ്ടയിലും മീൻ പെട്ടു.നേരത്തേ കിട്ടിയവന്റെ ചേട്ടൻ.യാത്ര കുശാലമായി.ഒരു മോഹം മാത്രം ബാക്കി.ബോട്ട് ഓടിപ്പിക്കണം.ഞങ്ങൾ തീരത്തെത്തി.സമയം 3 മണി.ഒരു കാര്യം ബാക്കിയുണ്ട്. എന്റെ വിദ്യാലയത്തിലെ കുറച്ച് കുട്ടികൾ ലക്ഷദ്വീപിലാണ്.അവരുടെ വീടുകളിൽ പോകണം.നിബ്രാസ് എന്നാണ് അവന്റെ പേര്.വീടിന്റെ അടുത്തെത്തി.വഴിയിൽ പണി നടക്കുന്നു.എന്നാലും നടന്ന് ചെന്ന്.വീട് പൂട്ടി കിടക്കുന്നു.നിരാശയോടെ തിരിച്ച് റൂമിലേക്ക്. നാളെ ഈ നാടിനോട് വിട പറയും.

നേരം രാവിലെ 7 മണി,ഇന്ന് ലക്ഷദ്വീപിനോട് വിട പറയുകയാണ്.ആർക്കും മുഖത്ത് സന്തോഷമില്ല. ആർക്കും ഇവിടം വിട്ട് പോകണമെന്നില്ല. പക്ഷേ ഞങ്ങളുടെ പെർമിറ്റ് ഇന്ന് അവസാനിക്കും. ഞങ്ങളെ ജെട്ടിയിലേക്ക് കൊണ്ട് പോകാൻ വണ്ടി വന്നു.എല്ലാവരും ബാഗ് വണ്ടിയിൽ കയറ്റി.ഞങ്ങളുടെ വാഹനം ജെട്ടിയിൽ എത്തി.ഞങ്ങൾ ഇങ്ങോട്ട് വന്ന ലെഗൂൺ എന്ന കപ്പൽ കിടക്കുന്നു.ഞങ്ങളെ യാത്രയാക്കാൻ പ്രിൻസിപ്പാൾ,എ.എച്ച്.എം,അദ്ധ്യാപകർ,വിദ്യാർത്ഥികൾ,നാട്ടുകാർ അങ്ങനെ ഒരുപാട് പേർ.എല്ലാവരോടും യാത്ര പറഞ്ഞ് റൂമിലേക്ക്.ഇതാ കപ്പൽ പുറപ്പെട്ടു.ഒരുപാട് ഓർമ്മകൾ പഞ്ചസാര മണലിനോട് യാത്രാ മൊഴി. ബൈബിളിൽ പറയുന്നത് പോലെ ഇനി വരുമോ? ഇല്ലയോ?എന്ന് അറിയില്ല.എന്നാലും മനസ്സ് എവിടെയോ അകപ്പെട്ട പോലെ.ഇനി ഒരിക്കലും സോണിയെയും കൂട്ടി വരണം.എല്ലാവർക്കും യാത്രാ മൊഴി.എന്റെ കൂടെ യാത്രാക്കാരിൽ ഒരാളായി. കപ്പലിലും ബോട്ടിലും വഴിയിലും കടലിലും ഒപ്പം കൂടിയവർക്കും വായനക്കാർക്കുംഒരായിരം പ്രണാമം.

റൈജു മാഷ്

# <u>ചിത്ര ജാലകം</u>


















lly



























Knmvhss Vatanappally








Knmvhss Vatanappally

# EDITORIAL BOARD





JISHA TEACHER
ABHAYNATH T.G.-IX-D
ATHIDEV K.S.-IX-D
AMAL C.A.-IX-D
ATHUL KRISHNA P.D.-IX-D
HARSHITH RAJ C.R.-IX-D
JAMSHITH JAMAL-IX-D

*MALAYALAM TYPING SPECIAL THANKS TO ATHIDEV K.S.*

*EDITING SPECIAL THANKS TO ABHAYNATH T.G.*

# HELPERS

*SOLY TEACHER*
*SANDHYA TEACHER*
*LITTY TEACHER*
*MEENA TEACHER*
*ARYA DEVI TEACHER*
*MRINALINI TEACHER*
*SURESH MASH*
*SANTHOSH MASH*
*DOLLY TEACHER*

ഈ മേഗസിനിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ടീച്ചർമാർക്കും

കൂട്ടുകാർക്കും **നന്ദി**.......................................

